17-03-2022

THURSDAY വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-17/03/2022.

1. കേരള കാർഷിക സർവകലാശാല വെള്ളാനിക്കര ബയോടെക്നോളജി ഡിപ്പാർട്ട്മെന്റിൽ ടിഷ്യൂ കൾച്ചർ വാഴതൈകൾ വില്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **9048178101, 9745884964** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

2. കണ്ണൂർ ജില്ലാ ക്ഷീര കർഷക സംഗമം പേരൂൽ ക്ഷീര സഹകരണ സംഘത്തിന്റെ ആതിഥേയത്വത്തിൽ നാളെയും മറ്റെന്നാളുമായി (മാർച്ച് 18,19) തീയതികളിൽ പയ്യന്നൂരിൽ വച്ച് നടത്തുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ഗോവിന്ദൻ മാസ്റ്റർ ഉദ്ഘാടനം ചെയ്യുന്ന ക്ഷീര സംഗമത്തോനടുബന്ധിച്ച് കിടാരി പാർക്ക് ഉദ്ഘാടനം, ക്ഷീര വികസന സെമിനാർ, എക്സിബിഷൻ, ക്ഷീര കർഷകരെ ആദരിക്കൽ, ശിൽപശാല തുടങ്ങിയവ സംഘടിപ്പിച്ചിരിക്കുന്നു.

3. ക്ഷീരവികസന വകുപ്പ് വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത്, ബ്ലോക്ക് പരിധിയിലുള്ള ക്ഷീരസംഘങ്ങൾ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ഉറിയാക്കോട് ക്ഷീരോത്പാദക സഹകരണ സംഘത്തിന്റെ ആതിഥേയത്വത്തിൽ **വെള്ളനാട് ബ്ലോക്ക് ക്ഷീരകർഷക സംഗമ**ം ഈ മാസം 21-ന് (മാർച്ച് 21) ഉറിയാക്കോട് സി.എസ്.ഐ ചർച്ച് ആഡിറ്റോറിയത്തിൽ വച്ച് നടത്തുന്നു. ഇതിനോടനുബന്ധിച്ച് ക്ഷീരവികസന സെമിനാർ, കന്നുകാലി പ്രദർശനം, ക്ഷീരകർഷകരെ ആദരിക്കൽ എന്നിവ ഉണ്ടായിരിക്കുന്നതാണ്.

4. കാസർഗോഡ് ജില്ലയിലെ പടന്നക്കാട് കാർഷിക കോളേജിലെ ഹൈ-ടെക് നഴ്സറിയിൽ നിന്നും നാഗപതിവയ്ക്കൽ രീതിയിൽ വേര് പിടിപ്പിച്ച അത്യുത്പാദനശേഷിയുള്ള **പന്നിയൂർ വിജയ്, കരിമുണ്ട** എന്നീ ഇനങ്ങളിലുള്ള കുരുമുളകിൻ തൈകൾ തൈ ഒന്നിന് 25 രൂപ നിരക്കിൽ ഇൻസ്ട്രക്ഷണൽ ഫാം ഓഫീസിൽ നിന്നും ലഭ്യമാണ്.

5. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ അത്യുൽപാദന ശേഷിയുള്ള ജാപ്പനീസ് കാടക്കുഞ്ഞുങ്ങൾ 8 രൂപ നിരക്കിൽ തിങ്കൾ, വ്യാഴം ദിവസങ്ങളിൽ ലഭ്യമാണ്. താൽപര്യമുള്ളവർ **0479 – 2452277, 9495805541** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

6. വയനാട് ജില്ലയിലെ പനമരം ബ്ലോക്ക് പഞ്ചായത്ത് 2021-22 പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന സഞ്ചരിക്കുന്ന മൃഗാശുപത്രിയുടെ സേവനം ഈ മാസം 18 വരെ (മാർച്ച് 18 വരെ) പൂതാടി ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർക്ക് ലഭ്യമായിരിക്കും. രാവിലെ 10 മുതൽ വൈകിട്ട് 5 വരെയാണ് സേവനം ലഭ്യമാകുക. ആവശ്യമുള്ള കർഷകർ, ക്ഷീരസംഘങ്ങൾ മുഖേന ഡ്യൂട്ടി ഡോക്ടറുമായി ബന്ധപ്പെടണമെന്ന് പള്ളിക്കുന്ന് മൃഗാശുപത്രി സീനിയർ വെറ്ററിനറി സർജൻ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് **9074520868, 9605520868** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

7. മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ കോഴിവസന്തയ്ക്കും, താറാവ് വസന്തയ്ക്കും എതിരെയുള്ള പ്രതിരോധ കുത്തിവയ്പ് തീവ്രയജ്ഞം സംസ്ഥാനമൊട്ടാകെ നടന്നുവരുന്നു. 36 ദിവസം പൂർത്തിയായ കോഴികളേയും താറാവുകളേയും പ്രതിരോധ കുത്തിവയ്പ്പ് നൽകുന്നതിനുള്ള സംവിധാനം മൃഗാശുപത്രികളിൽ സജ്ജീകരിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

8. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ഇന്ന് (മാർച്ച് 17 ന്) രാവിലെ 11 മണിക്ക് **തെങ്ങിൻ തൈകളൊരുക്കാം ശാസ്ത്രീയമായി** എന്ന വിഷയത്തിൽ എഫ്.ഐ.ബി കേരളയുടെ ഫേയ്സ്ബുക്ക് പേജിലൂടെ തത്സമയപരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9383470289** എന്ന നമ്പരിൽ ബന്ധപ്പെടുക..

9. കേരള കാർഷിക സർവ്വകലാശാല ഇ-പഠന കേന്ദ്രം **"ജൈവ ജീവാണു വളങ്ങൾ"** എന്ന വിഷയത്തിൽ ഒരു ഓൺലൈൻ പരിശീലന പരിപാടി മാർച്ച് 21 ന് തുടങ്ങുന്നു. ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി ഈ മാസം 20 (മാർച്ച് 20) ആണ്. 24 ദിവസം ദൈർഘ്യമുള്ള ഈ കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി ഈ മാസം 20 (മാർച്ച് 20) ആണ്. പത്ത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റും നൽകുന്നതാണ്.. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് **9497353389, 9567190858, 7559070461** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

10. സംസ്ഥാനത്ത് പെറ്റ്ഷോപ്പ് റൂൾ, ഡോഗ് ബ്രീഡിംഗ് റൂൾസ് എന്നിവ നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി പെറ്റ്ഷോപ്പ് ഉടമകൾ, ഡോഗ് ബ്രീഡേഴ്സ് എന്നിവർക്കായി മൃഗസംരക്ഷണ വകുപ്പ് ജില്ലാ തലത്തിൽ സംഘടിപ്പിക്കുന്ന ബോധവത്ക്കരണത്തിന്റെ ഭാഗമായി പാറശാല പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രം ഈ മാസം 22 -ന് (മാർച്ച് 22) രാവിലെ 9 മണി മുതൽ പാറശാല ഗ്രാമപഞ്ചായത്ത് ഹാളിൽ വച്ച് ഏകദിന ബോധവത്ക്കരണ ക്ലാസ്സ് സംഘടിപ്പിക്കുന്നു.

11. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം **22 ന് താറാവു വളർത്തൽ, 24 ന് തീറ്റപ്പുൽക്കൃഷി** എന്നീ വിഷയങ്ങളിൽ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471– 2732918** എന്ന നമ്പരിൽ പ്രവൃത്തി ദിവസങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

12. പച്ചക്കറികളിൽ മണ്ഡരി, ഇലപ്പേൻ, വെള്ളീച്ച മുതലായ നീരൂറ്റികുടിക്കുന്ന പ്രാണികൾ മൂലമുള്ള കുരുടിപ്പുരോഗം കാണാൻ സാധ്യതയുണ്ട്. 20 ഗ്രാം വെർട്ടിസിലിയം പൊടി ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തളിക്കുക. വേപ്പെണ്ണയടങ്ങുന്ന കീടനാശിനികൾ പത്ത് ദിവസം ഇടവിട്ട് തളിക്കുന്നതും കീടനിയന്ത്രണത്തിന് നല്ലതാണ്.

13. പുഴുവില്ലാത്ത മാമ്പഴം കിട്ടുവാൻ വിളഞ്ഞ മാങ്ങകൾ പറിച്ചെടുത്ത് ഒരു ബക്കറ്റ് തിളച്ച വെള്ളവും, മുക്കാൽ ബക്കറ്റ് സാധാരണ ഊഷ്മാവിൽ ഉള്ള വെള്ളവും കൂട്ടി ചേർത്തിൽ ലിറ്ററിന് ഒരു ഗ്രാം എന്ന തോതിൽ കറിയുപ്പ് ചേർത്ത് 15 മിനിറ്റോളം മുക്കി വയ്ക്കുക. അതിന് ശേഷം ഈ മാങ്ങ പുറത്തെടുത്ത് സാധാരണ വെള്ളത്തിൽ കഴുകി തുടച്ചതിനു ശേഷം പാക്ക് ചെയ്യുകയോ, പഴുപ്പിക്കാൻ വെയ്ക്കുകയോ ചെയ്താൽ പുഴവില്ലാത്ത മാമ്പഴം ലഭിക്കും.